പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4323 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. ആൻസലൻ<br>,, കെ. ബാബു<br>,, ജോർജ് എം. തോമസ്<br>,, സി.കൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് നിർഭയ പദ്ധതി പ്രകാരം നിർഭയ ഷെൽട്ടർ ഹോമുകളിലെ അന്തേവാസികൾക്ക് സ്വയംതൊഴിൽ ഉൾപ്പെടെയുള്ള തൊഴിൽ പരിശീലനം, കൗൺസലിംഗ് സംവിധാനം, വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ലൈംഗികാതിക്രമങ്ങളുടെ ഇരകൾക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദം ഒഴിവാക്കുന്നതിന് നിർഭയ ഷെൽട്ടർ ഹോമുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരുടെ സഹായത്തോടെ സൈക്കോളജിക്കൽ കൗൺസലിംഗ്, ട്രോമാ തെറാപ്പി എന്നിവ നൽകി വരുന്നു. പുനരധിവാസത്തിന്റെ ഭാഗമായി ഓരോ താമസക്കാരിയുടെയും സാമൂഹ്യ വിദ്യാഭ്യാസ പശ്ചാത്തലം അനുസരിച്ച് ഇൻഡിവിഡ്യുവൽ കെയർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓരോ താമസക്കാരിയ്ക്കും വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഒക്കുപേഷണൽ/ വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ ലഭ്യമാക്കുന്നു. |
| (സി) നിർഭയാ ഷെൽട്ടർ ഹോമുകളിൽ ചെറുകിട വ്യവസായ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) നിർഭയ ഷെൽട്ടർ ഹോമുകളിൽ ചെറുകിട വ്യവസായ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള തിരഞ്ഞെടുത്ത താമസക്കാർക്ക്, പുനരധിവാസ പദ്ധതിയുടെ ഭാഗമായി, തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർ കെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ